
# CURRENT AFFAIRS 14 JUNE 2025




### ലോക രക്തദാന ദിനം

**ജൂൺ 14**

- 2025 Theme - Give blood, give hope: together we save lives
- ലോകാരോഗ്യസംഘടനയുടെ ആഹ്വാന പ്രകാരം എല്ലാവർഷവും ജൂൺ 14 ലോക രക്തദാന ദിനമായി ആചരിക്കുന്നു. 2004 മുതൽക്കാണ് ഈ ദിനാചരണം ആരംഭിച്ചത്. സുരക്ഷിതമായ രക്തദാനത്തെപ്പറ്റിയും, രക്തഘടകങ്ങളെപ്പറ്റിയും അവബോധം സൃഷ്ടിക്കാനും രക്തദാതാക്കളെ അനുസ്മരിക്കാനുമായിട്ടാണ് ഈ ദിനം കൊണ്ടാടുന്നത്.

---



### 2025 ജൂൺ 12ന് അഹമ്മദാബാദിൽ തകർന്നുവീണ എയർ ഇന്ത്യാ വിമാനം

**ബോയിങ് 787 ഡ്രീംലൈനർ എഐ 171**

- അഹമ്മദാബാദിലെ സർദാർ വല്ലഭായി പട്ടേൽ വിമാനത്താവളത്തിൽ നിന്ന് ലണ്ടനിലേക്ക് പുറപ്പെട്ട എയർ ഇന്ത്യ വിമാനം വിമാനത്താവളത്തിന് സമീപത്തുള്ള ബിജെ മെഡിക്കൽ കോളജ് ഹോസ്റ്റൽ കെട്ടിടത്തിലേക്ക് തകർന്ന് വീഴുകയായിരുന്നു.

---



വിജയ് രൂപാണി

### അഹമ്മദാബാദ് വിമാനാപകടത്തിൽ കൊല്ലപ്പെട്ട ഗുജറാത്ത് മുൻമുഖ്യമന്ത്രി

**വിജയ് രൂപാണി**

- 2006 മുതൽ 2012 വരെ ഗുജറാത്തിനെ പ്രതിനിധീകരിച്ച് രാജ്യസഭ എംപിയായും 2016 മുതൽ 2021 വരെ ഗുജറാത്ത് മുഖ്യമന്ത്രിയായും അദ്ദേഹം സേവനമനുഷ്ഠിച്ചു.

---



കത്രീന കൈഫ്

### മാലിദീപ് ടൂറിസത്തിന്റെ ആഗോള അംബാസിഡറായി നിയമിതയായ ബോളിവുഡ് നടി

**കത്രീന കൈഫ്**

---



### ഗാസയിൽ ദുരിതമനുഭവിക്കുന്നവർക്ക് ഭക്ഷണവും മറ്റു സഹായങ്ങളും എത്തിക്കാൻ പരിസ്ഥിതി പ്രവർത്തക ഗ്രേറ്റ തുൻബെർഗിന്റെ നേതൃത്വത്തിൽ ജൂണിൽ ഇറ്റാലിയൻ തുറമുഖമായ കറ്റാനിയയിൽ നിന്നും പുറപ്പെട്ട കപ്പൽ

**മെഡ്‌ലീൻ**

- ഗാസയിൽ എത്തുന്നതിനു മുൻപ് കപ്പൽ തടഞ്ഞ ഇസ്രയേൽ സൈന്യം ഗ്രേറ്റ തുൻബെർഗ് ഉൾപ്പെടെ 12 സന്നദ്ധപ്രവർത്തകരെ കസ്റ്റഡിയിൽ എടുത്തു.